# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം.715 — 08.03.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്.

### ആലപ്പുഴ മെഡിക്കൽ കോളേജ് പാത്തോളജി ലാബിലെ തീപിടുത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പമന്ത്രി) |
| (എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പാത്തോളജി ലാബിന് തീപിടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012 ജനുവരി 15 -നാണ് പത്തോളജി ലാബിലെ ഒരു ഭാഗത്ത് തീപിടുത്തം ഉണ്ടായത്. ഗ്യാസ് സ്റ്റൗവിൽ നിന്നാണ് തീ പടർന്നുപിടിച്ചത്. ഉടൻതന്നെ ഫയർഫോഴ്സിന്റെ സഹായത്തോടെ തീ പൂർണ്ണമായും കെടുത്തി. തുടർന്ന് നാശമുണ്ടായ സ്ഥലങ്ങൾ പൂർവ്വസ്ഥിതിയിലാക്കുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1) നാശനഷ്ടം സംഭവിച്ച എയർകണ്ടീഷണറുകളും, ഇലക്ട്രിക് വയറുകളും ശരിയാക്കുവാൻ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിനെ ഏൽപ്പിച്ചു.<br>2) ലാബിലെ റൂമിന്റെ തറയിലും ചുമരുകളിലുമുണ്ടായ കേടുപാടുകൾ തീർക്കുവാൻ പി.ഡബ്ല്യു.ഡി. സ്പെഷ്യൽ ബിൽഡിംഗ് വിഭാഗം നടപടി തുടങ്ങി<br>3) ഗ്യാസ് സ്റ്റൗവിന് പകരം ഇപ്പോൾ ഇൻഡക്ഷൻ കുക്കർ വാങ്ങി ഉപയോഗിക്കുന്നു.<br>4) പെയ്ഡ് ഇലക്ട്രിക്കൽ വിംഗ്, 22 ഫയർ എക്സ്റ്റിംഗ്വിഷേഴ്സ് എന്നിവ ഈ ബിൽഡിംഗിൽ സ്ഥാപിച്ചു.<br>5) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗും ഫയർ & സേഫ്റ്റി മെഷർ ചെയ്യുന്ന ഏജൻസിയുമായി അടിയന്തിരയോഗം വിളിച്ചുചേർത്തു. ഈ യോഗത്തിൽ പൂർത്തീകരിക്കാത്ത ഫയർ & സേഫ്റ്റി ജോലികൾ പൂർത്തീകരിക്കുവാനും പൂർത്തീകരിച്ചവ കമ്മീഷൻ ചെയ്യുവാനും നിർദ്ദേശം കൊടുത്തു. ഈ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.<br>6) ഡിസ്ട്രിക് കമ്മീഷണർ, ഫയർ & റെസ്ക്യൂ ആശുപത്രി സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.<br>7) അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ നടത്തുവാൻ തീരുമാനിച്ചു. |

| | |
|---|---|
| (ബി) ഈ സംഭവം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) ഈ സംഭവം സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഡോ.ശ്രീകുമാരി, എച്ച്.ഒ.ഡി. ഫോറൻസിക് മെഡിസിൻ, ഡോ.ശ്രീദേവൻ, എച്ച്.ഒ.ഡി. ഡെർമറ്റോളജി, ഡോ.സന്തോഷ് രാഘവൻ. ആർ.എം.ഒ. എന്നിവരടങ്ങിയ അന്വേഷണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. ഡോ.ശ്രീകുമാരി കൺവീനർ ആയിട്ടുള്ള ഈ കമ്മിറ്റി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രഥമദൃഷ്ട്യാ ഗ്യാസ് സ്റ്റൗവിൽ നിന്നുള്ള തീയാണ് പടർന്നുപിടിച്ചത് എന്നതാണ് വിവരം. എന്നാൽ ലബോറട്ടറി ആയതിനാൽ കെമിക്കൽ ഏജന്റ്സ് എന്തെങ്കിലും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുവാൻ സാമ്പിൾ ശേഖരിച്ച് ഫോറൻസിക് സയൻസ് ലാബിൽ അയച്ചിട്ടുണ്ട് ഫോറൻസിക് റിപ്പോർട്ടും പോലീസ് അന്വേഷണ റിപ്പോർട്ടും കിട്ടിയിട്ടില്ല. |
| (സി) ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് വ്യക്തമാക്കാമോ ; | (സി) ക്ലിനിക്കൽ പത്തോളജി ലാബിൽ ലാബ് അസിസ്റ്റന്റ് ഗ്യാസ് സ്റ്റൗ പലപ്രാവശ്യം കത്തിക്കുവാൻ ശ്രമിക്കുകയും പിന്നീട് തീ ആളിപ്പടരുകയും ചെയ്തു എന്നാണ് പ്രാഥമിക അന്വേഷണത്തിൽ മനസ്സിലായത്. പ്രസ്തുത ലാബ് അസിസ്റ്റന്റിന് താക്കീത് കൊടുത്തിട്ടുണ്ട്. പൂർണ്ണമായ അന്വേഷണ റിപ്പോർട്ട് വന്നാൽ മാത്രമേ നടപടി സാദ്ധ്യമാകൂ. |
| (ഡി) തീപിടുത്തത്തെക്കുറിച്ചുള്ള അന്വേഷണം അട്ടിമറിക്കുന്നു എന്ന തരത്തിൽ മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യാഥാർത്ഥ്യം എന്താണെന്ന് വ്യക്തമാക്കാമോ ; | (ഡി) ഇല്ല. |
| (ഇ) ലാബ് കത്തി നശിച്ചതിൽ ഉണ്ടായ നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഏതെല്ലാം ഉപകരണങ്ങളാണ് കത്തിനശിച്ച--തെന്ന് വ്യക്തമാക്കുമോ; | (ഇ) ഉണ്ട്. ഏകദേശം 2.5 ലക്ഷം രൂപ. 2 എയർ കണ്ടീഷണറുകളും അതിന്റെ വയറിംഗും, സ്വിച്ച് ബോർഡ്, ഗ്യാസ് സ്റ്റൗ എന്നിവയാണ് കത്തിനശിച്ചത്. ലാബിലെ ഉപകരണങ്ങൾ കത്തിനശിച്ചിട്ടില്ല. |
| (എഫ്) ലാബിൽ ഉപയോഗിച്ചിരുന്ന കാലപ്പഴക്കം ചെന്ന ഗ്യാസ് അടുപ്പ് മാറ്റി പുതിയത് നൽകണമെന്ന ജീവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എഫ്) ലാബിലെ ഗ്യാസ് സ്റ്റൗ മാറ്റി ഇപ്പോൾ ഇൻഡക്ഷൻ കുക്കർ ഉപയോഗിക്കുന്നു. |
| (ജി) ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട സിലിണ്ടറാണ് ലാബിലും ഉപയോഗിച്ചിരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ജി) ഗ്യാസ് ഏജൻസിയിൽ നിന്നും ഹോസ്പിറ്റൽ ആവശ്യത്തിന് ലഭിക്കുന്ന ഗ്യാസ് സിലിണ്ടറാണ് ഉപയോഗിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ